പതിനാലാം കേരള നിയമസഭ
പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 5047

15-11-2019-ൽ മറുപടിക്ക്

## ജൈവ വൈപ്പിൻ പദ്ധതി

ചോദ്യം

ശ്രീ.എസ്. ശർമ്മ

മറുപടി

ശ്രീ. വി.എസ്. സുനിൽ കുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ജൈവ വൈപ്പിൻ പദ്ധതി നടപ്പാക്കുന്നതിനുള്ള പാരിസ്ഥിതികാനുമതി ലഭ്യമായിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (എ) യും (ബി) യും | നബാർഡ് RIDF XX സ്കീമിൽ ഉൾപ്പെടുത്തി കൃഷി വകുപ്പിന്റെ അനുവാദം ലഭ്യമായ ജൈവ വൈപ്പിൻ പദ്ധതിയ്ക്ക് Kerala Coastal Zone Management Authority (KCZMA) യുടെ പാരിസ്ഥിതികാനുമതി ലഭ്യമാക്കുന്നതിലേയ്ക്കായി National Centre for Earth Science Studies (NCESS) മുഖാന്തിരം CRV സ്റ്റാറ്റസ് റിപ്പോർട്ടുകൾ, മാപ്പുകൾ ഇവ കെ.എൽ.ഡി.സി സമർപ്പിച്ചെങ്കിലും കൂടുതൽ വിവരങ്ങൾ ഉൾപ്പെടുത്തി പവ്വർപോയിന്റ് പ്രസന്റേഷൻ നടത്തുവാൻ നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ 09.05.2019-ൽ KCZMA മുമ്പാകെ പ്രസന്റേഷൻ അവതരിപ്പിക്കുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ KCZMA യുടെ അജണ്ട നമ്പർ 102.03.07 പ്രകാരമുള്ള അനുമതികൾ കൂടി ലഭ്യമാക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. ആയതിന്മേൽ തുടർ പഠനം നടത്തി Environmental Impact Assessment (EIA) and Environmental Management Plan (EMP) റിപ്പോർട്ടുകൾ തയ്യാറാക്കി സമർപ്പിക്കുവാൻ ബഹു.മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 25.06.2019-ൽ ചേർന്ന യോഗത്തിൽ KITCO യെ ചുമതലപ്പെടുത്തിയിരുന്നു. EIA പഠനത്തിന്റെ ടേംസ് ഓഫ് റഫറൻസ് SEIAA (State Environment Impact Assessment Authority) അംഗീകരിച്ചിട്ടുണ്ട്. ആഗസ്റ്റ് മാസത്തിലെ മഴയും വെള്ളപ്പൊക്കവും മൂലം EIA പഠനത്തിന്റെ ഭാഗമായുള്ള സാംപിൾ ശേഖരണം തടസ്സപ്പെട്ടുവെങ്കിലും EIA പഠനം പൂർത്തീകരണ ഘട്ടത്തിലാണ്.<br>ഇതുമായി ബന്ധപ്പെട്ട മറ്റ് സാങ്കേതിക വിവരങ്ങൾ ശേഖരിക്കുവാൻ ഹൈഡ്രോഗ്രാഫിക് സർവെ വകുപ്പിന്റെ സഹായവും തേടിയിട്ടുണ്ട്. ഡ്രെഡ്ജ് മെറ്റീരിയൽ സൂക്ഷിക്കുന്നതിനായി CPT (Cochin Port Trust) യുടെ സ്ഥലത്ത് സ്ഥിരമായി മണ്ണിടുന്നതിന് അനുമതി നല്കാമെന്ന് അറിയിച്ചിട്ടുണ്ട്. ഇതിനായി സൗജന്യമായി മണ്ണ് നല്കണമോ എന്നത് സംബന്ധിച്ച് വ്യക്തത വരുത്തേണ്ടതുണ്ട്. |
| (ബി) | ഇതിനായി സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ; | | |

| | | | |
|---|---|---|---|
| (സി) | പദ്ധതി എന്നത്തേക്ക് പുനരാരംഭിക്കാനാകുമെന്ന് വ്യക്തമാക്കാമോ? | (സി) | KCZMA നിർദ്ദേശിച്ചിട്ടുള്ള അനുമതികൾ KITCO മുഖാന്തിരം ലഭ്യമാകുന്ന മുറയ്ക്ക്, KCZMA യുടെ സ്റ്റോപ്പ് മെമ്മോ പിൻവലിക്കാനാവുന്നതും, അതോടൊപ്പം ടി പദ്ധതിയുമായി ബന്ധപ്പെട്ട് ബഹു.ഹൈക്കോടതിയിൽ നിലനില്ലുന്ന കേസും തീർപ്പായതിനു ശേഷം പദ്ധതി പുനരാരംഭിക്കാനാവുമെന്നും പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ